# കേരള സർക്കാർ

## സംഗ്രഹം

**ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി നിയമസഭാ ലൈബ്രറിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

പൊതുഭരണ (ഏകോപന) വകുപ്പ്

സ. ഉ. (എം എസ്.) നമ്പർ 365/2007/പൊ.ഭ.വ. *തിരുവനന്തപുരം, 2007 ജൂലൈ 23.*

---

*പരാമർശം:*—9-10-2006, 12-3-2007 എന്നീ തീയതികളിലെ കേരള നിയമസഭാ സെക്രട്ടറിയുടെ 12185/ലിബ്.3/2006/ലെജി. നമ്പർ കത്ത്.

## ഉത്തരവ്

ബഹു. നിയമസഭാംഗങ്ങൾക്ക് ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും റഫർചെയ്ത്, നിയമസഭാ നടപടികളിൽ ഫലപ്രദമായി പങ്കെടുക്കുന്നതിലേക്കായി, ഗവൺമെന്റ് പ്രസിദ്ധീകരണങ്ങളെല്ലാം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാക്കണമെന്ന് കേരള നിയമസഭാ ലൈബ്രറി ഉപദേശക സമിതി നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ പലതും കൃത്യമായി നിയമസഭാ ലൈബ്രറിയിൽ ലഭിക്കാത്തത് നിയമസഭാംഗങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ നിയമസഭാ സമിതിയുടെ മേൽനിർദ്ദേശം നടപ്പിലാക്കണമെന്ന് നിയമസഭാ സെക്രട്ടറി, പരാമർശത്തിലെ കത്തുകൾ മുഖാന്തിരം ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളും, അർദ്ധ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങളും അച്ചടിച്ച് പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളും അല്ലാത്തതുമായ എല്ലാ പ്രസിദ്ധീകരണങ്ങളുടേയും മൂന്ന് കോപ്പി വീതവും, സി.ഡി. ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളിൽ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങളുടെ രണ്ട് കോപ്പി വീതവും, മേൽ

പ്രസിദ്ധീകരണങ്ങൾ വിതരണത്തിന് തയ്യാറായാലുടൻ സൗജന്യമായി നിയമസഭാ ലൈബ്രറിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള മെയിലിംഗ് ലിസ്റ്റിൽ നിയമസഭാ ലൈബ്രറിയുടെ പേരുകൂടി ഉൾപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

തോമസ് സി. ജോർജ്,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

ഗവർണറുടെ സെക്രട്ടറിക്ക്.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി/കൊച്ചിൻ യൂണിവേഴ്സിറ്റി/കാലിക്കറ്റ് യൂണിവേഴ്സിറ്റി/മഹാത്മാഗന്ധി യൂണിവേഴ്സിറ്റി/ശ്രീ ശങ്കര സംസ്കൃത യൂണിവേഴ്സിറ്റി/കണ്ണൂർ യൂണിവേഴ്സിറ്റി/കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി.
സെക്രട്ടറി, കെ. എസ്. ഇ. ബി., തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ. എസ്. ആർ. ടി. സി., തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും ചീഫ് എക്സിക്യൂട്ടീവിന്.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.